MONDAY 29-11-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA



Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -29/11/2021

1. ഒക്ടോബർ , നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് AIMS പോർട്ടലിലൂടെ ധനസഹായത്തിനുള്ള അപേക്ഷ നാളെ (നവംബർ 30 ) വരെ സമർപ്പിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായി www.aims.kerala.gov.in എന്ന ഓൺലൈൻ വെബ് പോർട്ടൽ വഴിയോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, കൃഷിഭവൻ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. എഫ്.പി.ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ്.എഫ്.എ.സി കേരള മുഖേന രൂപീകരിച്ച മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പെരിന്തൽമണ്ണ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ മൂന്ന് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. 25-35 പ്രായപരിധിയിലുള്ള എം.ബി.എ/അഗ്രി ബിസിനസ് മാസ്റ്റേഴ്സ് ഡിഗ്രി, ബി.എസ്.സി/ ബി.ടെക്ക് അഗ്രി/വെറ്ററിനറി/ ബി.എഫ്.എസ്.സി/ഗ്രാമീണ വികസനം/ മറ്റ് വിഷയങ്ങളിൽ ബിരുദം ഉള്ളവർക്കും അപേക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രവൃത്തി പരിചയവും യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ബയോഡേറ്റയോടൊപ്പം perinthalmannafpcltd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8075611914** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി** 31-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ,

അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കോവിഡ് മഹാമാരിയാലും പ്രകൃതി ദുരന്തങ്ങളാലും ദുരിതത്തിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിന് ലക്ഷ്യമിട്ട് കേരള ഫീഡ്സ് കെ.എസ്.ആർ.റ്റി.സി യുമായി സഹകരിച്ച് **ഫീഡ് ഓൺ വീൽസ്** പദ്ധതി കരുനാഗപ്പള്ളി, കോഴിക്കോട് യൂണിറ്റുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഫീഡ് ഓൺ വീൽസിന്റെ യാത്രാ വഴിയിൽ ബസ് നിർത്തുന്ന സ്ഥലങ്ങളിൽ നിന്നോ, ബസ് നിർത്തിച്ചോ കർഷകർക്ക് കേരളാ ഫീഡ്സിന്റെ ഉത്പന്നങ്ങൾ വാങ്ങാവുന്നതാണ്. **9447490116** എന്ന മൊബൈൽ നമ്പരിൽ ആവശ്യമായ ഉത്പന്നത്തിന്റെ വിവരങ്ങളും അളവും, സ്ഥലവും, എസ്എംഎസ് നൽകി ബുക്ക് ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

5. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ പുതിയ സ്റ്റാൾ പൊറ്റമ്മൽ കുതിരവട്ടം റോഡിൽ പ്രവർത്തനം ആരംഭിച്ചു. കർഷകരിൽ നിന്നും ഉയർന്ന വിലയ്ക്ക് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ, പഴങ്ങൾ, മറുനാടൻ പച്ചക്കറികൾ, ഹോർട്ടി കോർപ്പ് പുറത്തിറക്കുന്ന അഗ്മാർക്ക് അംഗീകാരമുള്ള അമൃത് ബ്രാന്റ് തേൻ എന്നിവ ന്യായ വിലക്ക് പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. സ്റ്റാൾ പ്രവർത്തനസമയം രാവിലെ 10 മുതൽ വൈകിട്ട് 7 മണി വരെ ആയിരിക്കും. ഡിസംബർ ആദ്യ വാരത്തോടെ സ്റ്റാളിൽ നിന്നും ഹോം ഡെലിവറി ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9946872834, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2452277** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. വെറ്ററിനറി സർവ്വകലാശാലയുടെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് തിരുവാഴാംകുന്നിൽ പ്രവർത്തിക്കുന്ന വളർത്തു പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴി കുഞ്ഞുങ്ങളെ ഏഴ് രൂപ നിരക്കിൽ നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **04924 293885** എന്ന ഫോൺ നമ്പരിലോ **6282907009** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

8. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡീലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഇന്ന് (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്ദമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

9. **കാർഷിക വിള വർദ്ധനവിന് തേനീച്ച പരിപാലനം** എന്ന ആശയം മുൻനിർത്തി, പിലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രവും ഹോർട്ടികോർപ്പും സംയുക്തമായി **"തേനീച്ച കൃഷി"**യിൽ ഡിസംബർ 08 മുതൽ 10 വരെ ഗവേഷണ കേന്ദ്രത്തിൽ വെച്ച് ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നവംബർ 30 നു മുമ്പായി 9846334758 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

10. പയറിൽ മൂഞ്ഞയുടെ ആക്രമണം കണ്ടാൽ രണ്ട് ശതമാനം വീര്യമുള്ള **വേപ്പെണ്ണ എമൾഷൻ** തളിക്കുക. അല്ലെങ്കിൽ **ലെക്കാനിസീലിയം ലെക്കാനി** എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ 3 മി.ലി **ഇമിഡാക്ലോപ്രിഡ്** അല്ലെങ്കിൽ 2 ഗ്രാം **തയോമെതോക്സാം** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക.

11. മഞ്ഞളിലെ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച ഇലകൾ മുറിച്ചുമാറ്റി കത്തിച്ചതിനുശേഷം **സാഫ്** ( കാർബെൻഡാസിം + മാങ്കോസെബ്) എന്ന കുമിൾനാശിനി 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിച്ചുകൊടുക്കേണ്ടതാണ്.